പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 798 — 02/12/2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ. സി.ദിവാകരൻ<br>,, പി.തിലോത്തമൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവും അനാസ്ഥയും കാരണം കുട്ടികൾ ഉൾപ്പെടെയുള്ള രോഗികളുടെ മരണ നിരക്ക് വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആസ്തി വികസന ഫണ്ട്, അസറ്റ്മെയ്ന്റനൻസ് ഫണ്ട്, അർ.എസ്.ബി.വൈ, എച്ച്.എം.സി ഫണ്ട് മുതലായവ കൂടാതെ Major consctruction under DHS, Strengthening of Institution എന്നീ പദ്ധതികളിലും ഉൾപ്പെടുത്തി സംസ്ഥാനത്തെ നിരവധി ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ക്വാളിറ്റി അഷ്വറൻസിന്റെ കീഴിൽ പ്രധാനമായും 4 പ്രോഗ്രാമുകളാണ് നടപ്പിലാക്കിവരുന്നത്.(1)**എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ.** (2)**കെ.എ.എസ്.എച്ച്.അക്രഡിറ്റേഷൻ**. (3) **ദേശീയ സർട്ടിഫിക്കേഷൻ** പദ്ധതി. (4) **ബ്ലഡ് ബാങ്ക് അക്രഡിറ്റേഷൻ** ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ, സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം പ്രകാരം 2012 മുതൽ കേരളത്തിലെ ശിശുമരണനിരക്ക് 12 ആണ്.( 12 /1000) വർദ്ധനവ് ഉണ്ടായിട്ടില്ല. ആരോഗ്യവകുപ്പിൽ 13 സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ് (SNCU) വിവിധ ആശുപത്രികളിലായി പ്രവർത്തിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഡോക്ടർമാരുടെയും, നഴ്സമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും മറ്റ് ജീവനക്കാരുടെയും കുറവ് മൂലം സർക്കാർ ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റിയിരിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ വിഭാഗ ത്തിലും നിലവിലുള്ള ഒഴിവുകൾ എത്രവീതം ആണെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടികളാണുള്ള തെന്നും വിശദമാക്കുമോ ; | (ബി) | ജീവനക്കാരുടെയും കുറവ് മൂലം ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡോക്ടർമാരുടെ വിവിധ വിഭാഗങ്ങളിലുള്ള നിലവിലെ ഒഴിവുകൾ ചുവടെ നൽകുന്നു.<br><br>ജനറൽ കേഡർ - 210<br>സ്പെഷ്യാലിറ്റി കേഡർ - 317<br>അഡ്മിനിസ്ട്രേറ്റീവ് കേഡർ - 21<br>നിലവിലെ ഒഴിവുകളിലേക്ക് അഡ്ഹോക്ക്/എൻ.എൻ.എം മുഖാന്തിരം ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ എ ല്ലാംതന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>സിവിൽ സർജൻ/ കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ചീഫ് കൾസൾട്ടന്റ്/ സീനിയർ കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ താൽക്കാലിക സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

| നം. | തസ്തിക | ഒഴിവ് |
|---|---|---|
| 1 | ബയോളജിസ്റ്റ് | 5 |
| 2 | അസിസ്റ്റന്റ് എന്റമോളജിസ്റ്റ് | 3 |
| 3 | ഡിസ്ട്രിക്ട് മലേറിയ ആഫീസർ | 4 |
| 4 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്.1 | 1 |
| 5 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്.2 | 2 |
| 6 | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 5 |
| 7 | ഫീൽഡ് അസിസ്റ്റന്റ് | 13 |
| 8 | ഇൻസെക്ട് കളക്ടർ | 3 |
| 9 | ഫീൽഡ് വർക്കർ | 147 |
| 10 | ഹെൽത്ത് സൂപ്പർവൈസർ | 7 |
| 11 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്.2 | 70 |
| 12 | ജെ.എച്ച്.ഐ.ഗ്രേഡ്.1 | 8 |
| 13 | ജെ.എച്ച്.ഐ.ഗ്രേഡ്.2 | 49 |
| 14 | ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് | 2 |
| 15 | അസിസ്റ്റന്റ് ലപ്രസി ആഫീസർ | 8 |

എന്നീ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ക്ലാർക്ക്- 28

ടൈപ്പിസ്റ്റ്-1

എം.ആർ.എൽ-3

| | | | |
|---|---|---|---|
| | | | എന്നീ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| നം. | തസ്തിക | ഒഴിവ് |
|---|---|---|
| 1 | ലാബ്ടെക്നീഷ്യൻ | 28 |
| 2 | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്. 1 | 44 |
| 3 | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്. 2 | 215 |
| 4 | റേഡിയോഗ്രാഫർ | 5 |
| 5 | പാർട്ട്ടൈം സ്വീപ്പർ | 26 |
| 6 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 5 |
| 7 | ട്രീറ്റ്മെന്റ് ഓർഗനൈസർ | 4 |
| 8 | നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| 9 | ആഫീസ് അറ്റൻഡർ | 5 |
| 10 | ദന്തൽ ഹൈജീനിസ്റ്റ് | 1 |
| 11 | ഇ.സി.ജി.ടെക്നീഷ്യൻ | 1 |

എന്നീ ഒഴിവുകൾ പി.എസ്.സി വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | സർക്കാർ ആശുപത്രികളിൽ കൂടിയുള്ള സൗജന്യ മരുന്നു വിതരണം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ആശുപത്രികളിൽകൂടിയുള്ള സൗജന്യമരുന്ന് വിതരണം കാര്യക്ഷമമായി തന്നെയാണ് നടന്നുവരുന്നത്.<br><br>ഏതെങ്കിലും മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവികൾ തന്നെ എച്ച്.ഡി.സി/ആർ.എസ്സ്. ബി വൈ ഫണ്ട് വിനിയോഗിച്ച് മരുന്നുകൾ വാങ്ങി ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**